بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 22.06.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

***22.06.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

അമ്മാറിനോടു ആരെങ്കിലും ശത്രുത പുലർത്തിയാൽ അല്ലാഹു അയാളോടു ശത്രുത പുലർത്തും.
അമ്മാറിനെ ആരെങ്കിലും വെറുത്താൽ അല്ലാഹു അയാളെ വെറുക്കും.

**നബി(സ)തിരുമേനിയുടെ മഹാനായ സ്വഹാബി ഹദ്റത്ത് അമ്മാറുബ്നു യാസിർ(റ)നെ കുറിച്ചുള്ള സംഭവം ബഹുലവും വിശ്വാസം ദൃഢീകരിക്കുന്നതുമായ ചർച്ച**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനു ശേഷം സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാ പറഞ്ഞു:

നബി(സ)തിരുമേനിയുടെ ആദ്യകാല സ്വഹാബിയായിരുന്ന ഹദ്റത്ത് അമ്മാറുബ്നു യാസിർ(റ) വളരെയധികം ത്യാഗം വരിച്ച വ്യക്തിയാണ്. ഇദ്ദേഹത്തിന്റെ പിതാവ് യാസിർ ഖിഹ്ത്വാനി തലമുറയിൽപ്പെട്ട ആളായിരുന്നു. യമൻ ആയിരുന്നു ഇവരെ സ്വദേശം. തന്റെ രണ്ടു സഹോദരന്മാരായ ഹാരിഥിനോടും മാലിക്കിനോടുമൊപ്പം തങ്ങളുടെ ഒരു സഹോദരനെ അന്വേഷിച്ചാണ് മക്കയിൽ വന്നത്. ഹാരിഥും മാലിക്കും യമനിലേക്ക് തിരിച്ചു പോയെങ്കിലും യാസിർ മക്കയിൽത്തന്നെ താമസിക്കുകയും അബൂഹുദയ്ഫ മഖ്സൂമിയുമായി സൗഹാർദകരാർ ഉണ്ടാക്കുകയുമാണുണ്ടായത്. അബൂഹുദയ്ഫ തന്റെ ദാസി ഹദ്റത്ത് സുമയ്യയെ അദ്ദേഹത്തിന് വിവാഹം ചെയ്തു കൊടുത്തു. അവരിലാണ് ഹദ്റത്ത് അമ്മാർ ജനിച്ചത്. അബൂഹുദയ്ഫയുടെ മരണംവരെ ഹദ്റത്ത് അമ്മാറും യാസിറും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ഇസ്‌ലാം വന്നപ്പോൾ ഹദ്റത്ത് യാസിർ, ഹദ്റത്ത് സുമയ്യ, ഹദ്റത്ത് അമ്മാർ, അദ്ദേഹത്തിന്റെ സഹോദരൻ അബ്ദുല്ലാഹിബ്നു യാസിർ എന്നിവർ വിശ്വസിച്ചു. ഹദ്റത്ത് അമ്മാറുബ്നു യാസിർ പറയുന്നു: 'ഞാൻ ദാറു അർഖമിലെ കവാടത്തിൽവച്ച് സ്വുഹയ്ബ് ബിൻ സനാനെ കണ്ടു. നബി(സ)തിരുമേനി ദാറു അർഖമിലായിരുന്നു. നിങ്ങൾ എന്തിനാണ് വന്നതെന്ന് ഞാൻ സ്വുഹയ്ബിനോടു ചോദിച്ചപ്പോൾ ഞാൻ വന്നതിന്റെ ഉദ്ദേശ്യമെന്തെന്ന് അദ്ദേഹം തിരിച്ചു ചോദിച്ചു. ഞാൻ പറഞ്ഞു: നബി(സ)തിരുമേനിയുടെ അടുക്കൽച്ചെന്ന് അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു. തന്റെ ഉദ്ദേശ്യവും അതു തന്നെയാണെന്ന് സ്വുഹയ്ബ് പറഞ്ഞു'. ഹദ്റത്ത് അമ്മാർ പറയുന്നു: 'ഞങ്ങൾ നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജറായി. അവിടന്ന് ഞങ്ങൾക്ക് ഇസ്‌ലാമിനെക്കുറിച്ച് പറഞ്ഞു തന്നു. അങ്ങനെ ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചു. സന്ധ്യവരെ ഞങ്ങളവിടെ തങ്ങി. ശേഷം ഒളിച്ചും പതുങ്ങിയും ദാറു അർഖമിൽ നിന്ന് പുറത്തു വന്നു.'

സ്വീകരിച്ച മതം ഉപേക്ഷിക്കാൻ തയ്യാറാകാത്തതിനാൽ മക്കയിൽ പീഡിപ്പിക്കപ്പെട്ട ദുർബല ജനങ്ങളിൽപെട്ട ആളായിരുന്നു ഹദ്റത്ത് അമ്മാറുബ്നു യാസിർ(റ). തങ്ങളുടെ മതത്തിൽ നിന്ന് പിന്മാറിയതിന് ഖുറയ്ശികൾ അവരെ ഉച്ചനേരത്തെ തീക്കനൽപോലെ പൊള്ളുന്ന മണലാരണ്യത്തിൽ ചുട്ടുപഴുത്ത മണലിൽ കിടത്തി പീഡിപ്പിക്കുമായിരുന്നു.

അംറ് ബിൻ ഹക്കം പറയുന്നു: ഹദ്റത്ത് അമ്മാറുബ്നു യാസിർ(റ), ഹദ്റത്ത് സ്വുഹയ്ബ്, ഹദ്റത്ത് അബൂഫഖീഹ എന്നിവർ അതിദാരുണമായാണ് പീഡിപ്പിക്കപ്പെട്ടത്. പീഡനം സഹിക്കവയ്യാതെ അവരുടെ നാവിൽനിന്ന് സത്യവിരുദ്ധമായ സംഗതികൾ പുറപ്പെട്ടിരുന്നു. ശത്രുക്കൾ പീഡനമുറകളിലൂടെ ഇത്തരം കാര്യങ്ങൾ അവരെക്കൊണ്ട് പറയിപ്പിച്ചിരുന്നു. മുഹമ്മദ് ബിൻ കഅ്ബ് ഖുർളി വിവരിക്കുന്നു: ഹദ്റത്ത് അമ്മാറിന്റെ മുതുകത്ത് വീക്കവും മുറിപ്പാടുകളും കണ്ടെന്ന് ഒരാൾ എന്നോടു പറഞ്ഞു. ഇതെന്താണെന്ന് അയാൾ ഹദ്റത്ത് അമ്മാറിനോട് ചോദിച്ചപ്പോൾ മക്കയിലെ ഖുറയ്ശികൾ ഉച്ചനേരെത്തെ ചുട്ടുപൊള്ളുന്ന വെയിലിൽ കിടത്തി പീഡിപ്പിച്ചിരുന്നതിന്റെ അടയാളങ്ങളാണെന്ന് അദ്ദേഹം പറഞ്ഞു. അംറുബ്നു മയ്മുൻ പറയുന്നു: ഹദ്റത്ത് അമ്മാറിനെ ബഹുദൈവവിശ്വാസികൾ തീകൊണ്ട് കരിച്ചു. തത്സമയം നബി(സ)തിരുമേനി ഹദ്റത്ത് അമ്മാറിനെ കാണാൻ പോകുകയും അദ്ദേഹത്തിന്റെ ശിരസിൽ തലോടുകയും **യാ നാറു കൂനീ ബർദൻ വ്വ സലാമൻ അലാ അമ്മാറ കമാ കുൻത അലാ ഇബ്രാഹീമ.** 'അഗ്നീ! ഇബ്റാഹിമിന് നീ തണുപ്പും രക്ഷയുമായതുപോലെ അമ്മാറിനും തണുപ്പും രക്ഷയുമാകുക' എന്ന് പറയുകയും ചെയ്തു.

ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ) നിവേദനം: 'ഞാനും നബി(സ)തിരുമേനിയും മക്കയിലെ താഴ്വരയിലൂടെ പോകുന്ന അവസരത്തിൽ അബൂഅമ്മാറിന്റേയും അമ്മാറിന്റേയും അദ്ദേഹത്തിന്റെ മാതാവിന്റേയും അടുക്കലെത്തി. അവർ പീഡനത്തിന് ഇരയാവുകയായിരുന്നു. ഹദ്റത്ത് യാസിർ ചോദിച്ചു: 'ഇതിനൊരു മാറ്റം ഉണ്ടാകില്ലേ?' അവിടന്ന് ഹദ്റത്ത് യാസിറിനോടു പറഞ്ഞു: 'സഹനം കൈക്കൊള്ളുക.' ശേഷം ഇപ്രകാരം ദുആ ചെയ്തു; 'അല്ലാഹുവേ! യാസിറിന്റെ കുടുംബത്തിന് പൊറുത്തു കൊടുത്താലും. തീർച്ചയായും നീ അപ്രകാരം ചെയ്തിരിക്കുന്നു.' അതായത്, അവർക്ക് പൊറുത്തു കൊടുത്തിരിക്കുന്നുവെന്ന് നബി(സ)തിരുമേനിയെ അല്ലാഹു അറിയിച്ചു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: ഒരിക്കൽ അമ്മാറിന്റെ കുടുംബം ഉപദ്രവിക്കപ്പെട്ടു കൊണ്ടിരുന്നപ്പോൾ നബി(സ)

അതിലൂടെ കടന്നു പോകാനിടയായി. അവിടന്നു പറഞ്ഞു: 'യാസറിന്റെ കുടുംബമേ! ക്ഷമിക്കുക! നിങ്ങളുടെ വാഗ്ദത്ത സ്ഥലം സ്വർഗമാണ്.'

ഹദ്റത്ത് അമ്മാറിനെ ബഹുദൈവവിശ്വാസികൾ വെള്ളത്തിൽ മുക്കി പീഡിപ്പിക്കുമായിരുന്നു. അതായത്, തല വെള്ളത്തിൽ താഴ്ത്തിയാണ് ഉപദ്രവിച്ചിരുന്നത്. മറ്റു പീഡനങ്ങൾക്കു പുറമെയായിരുന്നു ഇത്. ഒരു രിവായത്തിൽ വന്നിരിക്കുന്നു: ഒരിക്കൽ നബി(സ)തിരുമേനി ഹദ്റത്ത് അമ്മാറിനെ കണ്ടപ്പോൾ അദ്ദേഹം കരയുകയായിരുന്നു. അവിടന്ന് ഹദ്റത്ത് അമ്മാറിന്റെ കണ്ണീർ തുടച്ചുകൊണ്ട് പറഞ്ഞു: അവിശ്വാസികൾ പിടിച്ച് വെള്ളത്തിൽ മുക്കിയപ്പോൾ നീ ഇന്ന ഇന്ന കാര്യങ്ങൾ പറഞ്ഞിരുന്നു. വീണ്ടും അവർ നിന്നോട് പറയുകയാണെങ്കിൽ അതു തന്നെയായിരിക്കും പറയുക.' ഇതിന്റെ വിശദീകരണം സീറത്ത് ഖാത്തമുന്നബിയ്യീനിലുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വിവരിക്കുന്നു: 'അമ്മാറിനേയും അദ്ദേഹത്തിന്റെ പിതാവ് യാസിറിനേയും മാതാവ് സുമയ്യയേയും ബനൂ മഖ്സൂം ഗോത്രക്കാർ-ഇവർക്കുവേണ്ടി ഒരു കാലത്ത് സുമയ്യ അടിമ വേല ചെയ്തിരുന്നു- പീഡിപ്പിച്ചത് വായിച്ചാൽ ശരീരം വിറകൊള്ളുന്നതാണ്. ഒരിക്കൽ ത്യാഗധനരായ ഈ ഇസ്ലാമിക സംഘം ശാരീരികമായി ഉപദ്രവിക്കപ്പെട്ടു കൊണ്ടിരിക്കുമ്പോൾ നബി(സ) യാദൃശ്ചികമായി അവിടെയെത്തി. നബി(സ)തിരുമേനി അവരെ നോക്കിക്കൊണ്ട് വേദന നിറഞ്ഞ സ്വരത്തിൽ പറഞ്ഞു: **സ്വബ്റു ആൽ യാസിർ ഫ ഇന്ന മൗഇദുക്കുമുൽ ജന്ന.** അല്ലയോ യാസിറിന്റെ കുടുംബമേ! സഹനം കൈവിടാതിരിക്കുക. നിങ്ങളുടെ ഈ പ്രയാസങ്ങൾക്കു പകരം അല്ലാഹു നിങ്ങൾക്ക് സ്വർഗം ഒരുക്കിവെച്ചിരിക്കുന്നു.' ഒടുവിൽ യാസിർ ആ പീഡനങ്ങൾക്ക് ഇരയായി ജീവൻ വെടിയുകയാണുണ്ടായത്. വൃദ്ധയായ സുമയ്യയെ അബൂജഹ്ൽ കുന്തം കൊണ്ട് തുടയിൽ നിഷ്കരുണം കുത്തി. അവരുടെ രഹസ്യസ്ഥാനം വരെ അത് തുളച്ചു കയറി. നിർദോഷിയായ ആ സ്ത്രീരത്നം അവിടെത്തന്നെ പിടഞ്ഞു മരിക്കുകയായിരുന്നു. ഇനി അമ്മാർ മാത്രമാണ് ശേഷിച്ചിരുന്നത്. അവർ അദ്ദേഹത്തേയും അങ്ങേയറ്റം ഉപദ്രവിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ 'ചശ്മയെ മഅ്രിഫത്ത്' എന്ന ഗ്രന്ഥത്തിൽ നബി(സ)തിരുമേനിയുടെ ജീവചരിത്രം എഴുതിയ പ്രകാശ് ദേവ്ജി എന്ന ഹിന്ദു മാന്യന്റെ ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു: നബി(സ)തിരുമേനിക്ക് ഏല്ക്കുന്ന പീഡനങ്ങൾ അവിടന്ന് എങ്ങനെയെങ്കിലും സഹിക്കുമായിരുന്നു. പക്ഷേ, തന്റെ സുഹൃത്തുക്കൾക്ക് ഏൽക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ കാണുമ്പോൾ തിരുമേനിയുടെ മനസ്സ് പതറിപ്പോകുമായിരുന്നു. പീഡനങ്ങളുടെ ഒരു വേലിയേറ്റംതന്നെ ആ പാവം വിശ്വാസികൾക്ക് നേരിടേണ്ടിവന്നു. ജനങ്ങൾ അവരെ പിടിച്ച് മരുഭൂമിയുടെ ഉൾപ്രദേശങ്ങളിലേക്കു കൊണ്ടുപോയി ചുട്ടുപൊള്ളുന്ന വെയിലിൽ അവരെ നഗ്നരായി കിടത്തുകയും വലിയ കരിങ്കല്ലുകൾ അവരുടെ നെഞ്ചിൽ വെക്കുകയുമാണ് ചെയ്തിരുന്നത്. അസഹ്യമായ ചൂടേറ്റ് അവർ പുളയുമ്പോൾ നെഞ്ചിലെ കരിങ്കല്ലുകളുടെ ഭാരം നിമിത്തം അവരുടെ നാവ് പുറത്തേക്കുതള്ളുമായിരുന്നു. ഈ പീഡനങ്ങൾ പലരുടെയും ജീവനെടുത്തിട്ടുണ്ട്. ഇങ്ങനെ പീഡിപ്പിക്കപ്പെട്ടവരിൽ ഉൾപ്പെട്ട ആളാണ് ഹദ്റത്ത് അമ്മാർ(റ). അദ്ദേഹത്തെ കെട്ടിവരിഞ്ഞ് കല്ലും മുള്ളും നിറഞ്ഞ നിലത്ത് കിടത്തി അദ്ദേഹത്തിന്റെ നെഞ്ചത്ത് കരിങ്കല്ലുകൾ കയറ്റിവയ്ക്കുകയും മുഹമ്മദ്(സ)തിരുമേനിയെ ചീത്ത പറയാൻ കല്പിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ പിതാവിനോടും ഇതുപോലെത്തന്നെയായിരുന്നു പെരുമാറിയിരുന്നത്. അദ്ദേഹത്തിന്റെ ഭാര്യ സുമയ്യ ആ ക്രൂരതകൾ കണ്ടു നില്ക്കാനാകാതെ അവരോടു കേണപേക്ഷിച്ചു. അപ്പോൾ ആ വിശ്വാസിനിയും നിർദോഷിയുമായ ആ സ്ത്രീയെ അവരുടെ കൺമുൻപാകെ സ്വന്തം ഭർത്താവും മകനും ക്രൂരതകൾക്കിരയായിക്കൊണ്ടിരിക്കെ തന്നെ നഗ്നയാക്കുകയും അങ്ങേയറ്റം ലജ്ജാവഹമായ രീതിയിൽ പീഡിപ്പിക്കുകയും ചെയ്തു. ആ രംഗം ഇവിടെ വിവരിക്കാൻ സാധ്യമല്ല തന്നെ. ഒടുവിൽ ആ ക്രൂരതകൾക്ക് ഇരയായിക്കൊണ്ട് ആ വിശ്വാസിനിയായ ഭാര്യ പിടഞ്ഞു മരിക്കുകയായിരുന്നു.'

അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് പറഞ്ഞു: നബി(സ) തിരുമേനിയേയും തിരുസ്വഹാബാക്കളേയും കുറിച്ച് ഒരു ഹിന്ദു എഴുതിയ ചരിത്രത്തിന്റെ സംഗ്രഹം ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിച്ചതാണിത്.

തന്റെ വീട്ടിൽ ആരാധനയ്ക്കായി മസ്ജിദ് നിർമിച്ച ആദ്യ വ്യക്തിയാണ് ഹദ്റത്ത് അമ്മാർ(റ). മദീനയിൽനിന്ന് ഹിജ്റത്ത് ചെയ്തു വന്നപ്പോൾ ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദുൽ മുൻദിറിന്റെ വീട്ടിലാണ് അദ്ദേഹം താമസിച്ചത്. നബി(സ) തിരുമേനി ഹദ്റത്ത് ഹുദയ്ഫബിൻ യമാനും ഹദ്റത്ത് അമ്മാറും(റ) തമ്മിൽ സാഹോദര്യ ബന്ധം സ്ഥാപിക്കുകയും അവർക്ക് താമസിക്കാൻ കുറച്ച് സ്ഥലം നല്കുകയും ചെയ്തു. ഹദ്റത്ത് അബൂസഈദ് ഖുദ്രി(റ) വിവരിക്കുന്നു: മസ്ജിദ് നബ്വി നിർമാണ വേളയിൽ ഞങ്ങൾ ഒരോ കല്ല് ചുമന്നപ്പോൾ ഹദ്റത്ത് അമ്മാർ ഈരണ്ടു കല്ലുകളാണ് ചുമന്നു കൊണ്ടു വന്നിരുന്നത്. നബി(സ) തിരുമേനി ഹദ്റത്ത് അമ്മാറിന്റെ അടുത്തു വന്ന് അദ്ദേഹത്തിന്റെ തലയിൽ നിന്ന്, അതായത് അമ്മാറിന്റെ തലയിൽ നിന്ന് പൊടിതട്ടിക്കൊണ്ടു പറഞ്ഞു: കഷ്ടം!കലാപകാരികൾ ഇദ്ദേഹത്തെ കൊന്നു കളയുമല്ലോ. അമ്മാർ അവരെ അല്ലാഹുവിലേക്കു വിളിക്കുമ്പോൾ അവർ ഇദ്ദേഹത്തെ അഗ്നിയിലേക്ക് വിളിക്കുകയാണ്.'

താൻ ഫിത്നകളിൽനിന്ന് അല്ലാഹുവിനെ അഭയം പ്രാപിക്കുന്നുവെന്ന് ഹദ്റത്ത് അമ്മാർ(റ) ദുആ ചെയ്യാറുണ്ടായിരുന്നു.

അബ്ദുല്ലാഹ് ബിൻ അബീ ഹുസയ്ൽ നിന്ന് നിവേദനം: നബി(സ)തിരുമേനി മസ്ജിദ് നിർമിച്ചപ്പോൾ എല്ലാവരും കല്ലും ഇഷ്ടികയും ചുമന്നിരുന്നു. നബി(സ)തിരുമേനിയും ഹദ്റത്ത് അമ്മാറും കല്ലുംമണലും ഏറ്റിയിരുന്നു. അപ്പോൾ ഹദ്റത്ത് അമ്മാർ ഇങ്ങനെ ചൊല്ലുമായിരുന്നു: **നഹ്നുൽ മുസ്ലിമൂന നബ്നൽ മസാജിദ്.** ഞങ്ങൾ മുസ്‌ലിംകളാണ്; മസ്ജിദുകൾ നിർമിക്കുന്നവർ. ചിലയാളുകൾ പറഞ്ഞു: ഇന്ന് അമ്മാർ എന്തായാലും മരിക്കുന്നതാണ്. കാരണം അദ്ദേഹം ഒരുപാട് ജോലി ചെയ്യുന്നുണ്ട്. ഇപ്പോൾ രോഗം മാറിയ

തേയുള്ളു. ക്ഷീണവുമുണ്ട്. നബി(സ) ഇതുകേട്ടപ്പോൾ അദ്ദേഹത്തിന്റെ കൈയിൽനിന്ന് കല്ല് താഴെ ഇടുവിപ്പിക്കുയും വിശ്രമിക്കാൻ പറയുകയും ചെയ്തു.

അമീറുൽമുഅ്മിനീൻ പറഞ്ഞു: എത്ര വലിയ ക്ഷീണമുണ്ടായാലും സേവനത്തിൽനിന്ന് അകന്നു നില്ക്കാൻ ആഗ്രഹിക്കാത്തവരാണ് ഇക്കൂട്ടർ.

ഹദ്റത്ത് അമ്മാറുബ്നു യാസിർ(റ) ബദ്ർ, ഉഹുദ്, ഖന്തക്ക് തുടങ്ങിയ എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ബയ്അത്തെ രിള്വാനിലും അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു.

ഹദ്റത്ത് ഹക്കം ബിൻ അത്തീബ നിവേദനം: നബി(സ) തിരുമേനി ഹിജ്റത്ത് ചെയ്ത് മദീനയിലെത്തിയത് രാവിലെയായിരുന്നു. നബി(സ)തിരുമേനിക്ക് വിശ്രമിക്കാനും നമസ്കരിക്കാനും വേണ്ടി തണലുള്ള ഒരു സ്ഥലം ഉണ്ടാക്കണമെന്ന് ഹദ്റത്ത് അമ്മാർ(റ) പറഞ്ഞു. അങ്ങനെ അദ്ദേഹം കുറച്ചു കല്ലുകൾ ശേഖരിച്ച് ഖുബാമസ്ജിദിന് അസ്തിവാരമിട്ടു. നിർമിക്കപ്പെട്ട ആദ്യപള്ളിയായിരുന്നു ഇത്. ഹദ്റത്ത് അമ്മാർ ആണ് അതു നിർമിച്ചത്. ഹദ്റത്ത് ഇബ്നു ഉമർ(റ) പറയുന്നു: യമാമ യുദ്ധദിവസം ഹദ്റത്ത് അമ്മാർ ഒരു പാറപ്പുറത്തു കയറിനിന്ന് ഇപ്രകാരം വിളിച്ചു പറയുന്നത് ഞാൻ കേട്ടു. വളരെ ധൈര്യശാലിയായിരുന്നു അദ്ദേഹം. 'മുസ്ലിംകളേ! നിങ്ങൾ സ്വർഗത്തിൽ നിന്നോ നിങ്ങൾ ഓടിയകലുന്നത്? ഞാൻ അമ്മാറുബ്നു യാസിറാണ്. ഇങ്ങോട്ടു വരൂ.' ഹദ്റത്ത് ഇബ്നു ഉമർ പറയുന്നു: അദ്ദേഹത്തിന്റെ ഒരു ചെവി മുറിഞ്ഞ് ആടുന്നത് ഞാൻ കാണുന്നുണ്ടായിരുന്നു. പക്ഷേ, അദ്ദേഹം യുദ്ധത്തിൽ നിമഗ്നനായിരുന്നു. താരിഖ് ബിൻ ശിഹാബ് പറയുന്നു: ബനൂ തമീമിലെ ഒരാൾ ഹദ്റത്ത് അമ്മാറിനെ 'മുറിച്ചെവിയൻ' എന്നു വിളിച്ച് പരിഹസിച്ചു. ഹദ്റത്ത് അമ്മാർ(റ) പറഞ്ഞു: 'എന്റെ നല്ല ചെവിയെ നീ അവഹേളിച്ചു. അല്ലാഹുവിന്റെ മാർഗത്തിലാണ് അത് നഷ്ടപ്പെട്ടത്.' ഹദ്റത്ത് ഖാലിദ് ബിൻ വലീദ് വിവരിക്കുന്നു: 'ഞാനും ഹദ്റത്തേ അമ്മാറും തമ്മിൽ സംസാരം ഉണ്ടായി. ഞാൻ അദ്ദേഹത്തോട് കഠിനമായ ഭാഷയിൽ സംസാരിച്ചു. എന്നെപ്പറ്റിയുള്ള പരാതിയുമായി ഹദ്റത്ത് അമ്മാർ, നബി(സ)തിരുമേനിയുടെ അടുക്കൽ ചെന്നു. ഞാനും അവിടെ എത്തി. അപ്പോൾ അദ്ദേഹം നബി(സ)യോട് എന്നെപ്പറ്റി പരാതി പറയുകയായിരുന്നു. അവിടെയും ഞാൻ അദ്ദേഹത്തോട് കർശനമായി പെരുമാറി. നബി(സ) നിശ്ശബ്ദനായി ഇരിക്കുകയായിരുന്നു. ഒന്നും മിണ്ടിയില്ല. ഹദ്റത്ത് അമ്മാർ കരയാൻ തുടങ്ങി. പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അങ്ങ് ഖാലിദിന്റെ അവസ്ഥ കാണുന്നില്ലേ? നബി(സ)തല ഉയർത്തിക്കൊണ്ട് പറഞ്ഞു: 'അമ്മാറിനോടു ആരെങ്കിലും ശത്രുത പുലർത്തിയാൽ അല്ലാഹു അയാളോടു ശത്രുത പുലർത്തും. അമ്മാറിനെ ആരെങ്കിലും വെറുത്താൽ അല്ലാഹു അയാളെ വെറുക്കും.' ഹദ്റത്ത് ഖാലിദ് ബിൻ വലീദ് (റ)പറയുന്നു: ഹദ്റത്ത് അമ്മാറിനെ പ്രീതിപ്പെടുത്താനായിരുന്നു അന്ന് ഞാൻ ഏറെ ഇഷ്ടപ്പെട്ടത്. ഹദ്റത്ത് ഖാലിദ് പറയുന്നു: ഞാൻ ഹദ്റത്ത് അമ്മാറിനെ കണ്ട് മാപ്പ് പറഞ്ഞപ്പോൾ അദ്ദേഹത്തിന് സന്തോഷമായി.'

ഹദ്റത്ത് അലി(റ) നിവേദനം ചെയ്യുന്നു: ഞാൻ നബി(സ) യുടെ അടുത്ത് ഇരിക്കുകയായിരുന്നു. അപ്പോൾ ഹദ്റത്ത് അമ്മാറുബ്നു യാസിർ അകത്തു വരാൻ അനുവാദം ചോദിച്ചു. നബി(സ) അനുവാദം നല്കിക്കൊണ്ട് പറഞ്ഞു: 'പരിശുദ്ധനായ വ്യക്തിക്ക് സ്വാഗതം!' ഈ സ്ഥാനമാണ് നബി(സ) അദ്ദേഹത്തിനു നല്കിയത്.

ഹദ്റത്ത് അംറ് ബിൻ ശർഹബീൽ(റ) വിവരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു: അമ്മാറു ബ്നു യാസിറിന്റെ നാഡീഞരമ്പുകളിൽ വിശ്വാസം പ്രസരിച്ചു കൊണ്ടിരിക്കുന്നു. അല്ലാഹു സാത്താനിൽ നിന്ന് അഭയം നല്കിയവരുടെ കൂട്ടത്തിലാണ് അമ്മാറു ബ്നു യാസിർ എണ്ണപ്പെട്ടിരുന്നത്.

ഒരിക്കൽ ഹദ്റത്ത് ഉമർ(റ)അമ്മാറുബ്നു യാസിറിനെ കൂഫയുടെ ഗവർണറായി നിയമിച്ചു. കൂഫക്കാരുടെ പേരിൽ ഇങ്ങനെ ഒരു കല്പന പുറപ്പെടുവിച്ചു: 'ഞാൻ അമ്മാറുബ്നു യാസിറിനെ അമീറും ഇബ്നു മസ്ഊദിനെ മുഅല്ലിമും മന്ത്രിയുമായി നിയമച്ച് അയക്കുന്നു. ബയ്ത്തുൽ മാലിന്റെ വകുപ്പും ഞാൻ ഇബ്നു മസ്ഊദിനെ ഏല്പിച്ചിരിക്കുന്നു. ഇവർ രണ്ടുപേരും നബി(സ)തിരുമേനിയോടൊപ്പം ബദ്റിൽ പങ്കെടുത്ത ശ്രേഷ്ഠ സ്വഹാബിമാരാണ്. അതുകൊണ്ട് ഇവർ രണ്ടു പേരെയും അനുസരിക്കുകയും ഇവരുടെ കാലടികളെ പിന്തുടരുകയും ചെയ്യുക.'

ഹദ്റത്ത് ഉഥ്മാനെ(റ)തിരിൽ ഫിത്ന ഉണ്ടാക്കിയ മുനാഫിഖുകളും കലാപകാരികളും മദീനയിൽ സംഘർഷം സൃഷ്ടിച്ചപ്പോൾ ഹദ്റത്ത് അമ്മാറുബ്നു യാസിർ അവരുടെ തന്ത്രങ്ങളിൽ വീഴുകയായിരുന്നു. കർമപരമായി നോക്കുമ്പോൾ അദ്ദേഹത്തിന് ഇതിൽ ഒരു പങ്കുമുണ്ടായിരുന്നില്ല. ആ നിലയ്ക്ക് കുഴപ്പക്കാരുടെ ദുഷ്ചെയ്തികളിൽനിന്ന് അദ്ദേഹത്തിന്റെ കരങ്ങൾ പരിശുദ്ധമാണ്.

ഹദ്റത്ത് അലിയുടെ കാലത്ത് അമ്മാറുബ്നു യാസിർ, അലിയോടൊപ്പമായിരുന്നു. അദ്ദേഹത്തോടൊപ്പം ജമൽ യുദ്ധത്തിലും സിഫ്ഫീൻ യുദ്ധത്തിലും പങ്കെടുത്തു. അബൂ അബ്ദുർറഹ്മാൻ അസ്സൽമാ പറയുന്നു: സിഫ്ഫീൻ യുദ്ധത്തിൽ ഞങ്ങൾ അലിയോടൊപ്പമായിരുന്നു. ഹദ്റത്ത് അമ്മാറുബ്നു യാസിർ ഏതു ദിശയിലേക്ക് തിരിയുകയാണെങ്കിലും നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ അദ്ദേഹത്തിന്റെ പിന്നാലെ പോകുന്നതായിട്ടാണ് ഞാൻ കണ്ടത്. അദ്ദേഹം അവർക്ക് ഒരു പതാക പോലെയായിരുന്നു. അബുൽ ബഖ്തരി പറയുന്നു: സ്വിഫ്ഫീൻ യുദ്ധവേളയിൽ ഹദ്റത്ത് അമ്മാറുബ്നു യാസിർ പറഞ്ഞു: 'എനിക്കു കുടിക്കാൻ പാൽ കൊണ്ടു വരിക. കാരണം, ഞാൻ ലോകത്ത് അവസാനമായി കുടിക്കുന്നത് പാലായിരിക്കുമെന്നാണ് നബി(സ)തിരുമേനി പറഞ്ഞിരിക്കുന്നത്.' അങ്ങനെ പാൽ കൊണ്ടുവന്നു. അദ്ദേഹം പാൽ കുടിച്ചതിനുശേഷം യുദ്ധത്തിനായി മുന്നോട്ടു കുതിക്കുകയും പൊരുതി ശഹീദാവുകയും ചെയ്തു. അമ്മാറുബ്നു യാസിർ(റ) സ്വിഫ്ഫീൻ യുദ്ധവേളയിൽ പറഞ്ഞു: 'സ്വർഗം വാളിന്റെ തിളക്കത്തിനു കീഴിലാണ്. ദാഹിക്കുന്നവൻ അരുവിയിലെത്തുന്നതാണ്. ഇന്നു ഞാൻ എന്റെ പ്രിയപ്പെട്ടവരോടുചേരും. ഇന്നു ഞാൻ

നബി(സ)തിരുമേനിയുടെ സംഘത്തോടൊപ്പം ചേരുന്നതാണ്.' അബൂവാദിയ മസ്നിയാണ് ഹദ്റത്ത് അമ്മാറുബ്നു യാസിറിനെ ശഹീദാക്കിയത്. അയാൾ ഹദ്റത്ത് അമ്മാറിനെ കുന്തം കൊണ്ട് കുത്തി വിഴ്ത്തുകയായിരുന്നു. ശേഷം മറ്റൊരാൾ വന്ന് ഹദ്റത്ത് അമ്മാറിനെ ആക്രമിച്ച് തലവെട്ടിയതിനു ശേഷം വഴക്കിട്ട് മുആവിയയുടെ അടുത്ത് വന്നു. താനാണ് അദ്ദേഹത്തെ കൊന്നതെന്നു പറഞ്ഞാണ് രണ്ടു പേരു വഴക്കിട്ടത്. ചില തെറ്റുധാരണ നിമിത്തം മുആവിയോടൊപ്പമായിരുന്നു ഹദ്റത്ത് അംറ് ബിൻ ആസ്. അദ്ദേഹത്തിൽ നന്മയുണ്ടായിരുന്നുവെന്നാണ് അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്നു വ്യക്തമാകുന്നത്. ഹദ്റത്ത് അംറ് ബിൻ ആസ് പറഞ്ഞു: "അല്ലാഹുവാണ!തീയുടെ കാര്യത്തിലാണ് രണ്ടു പേരും കലഹിക്കുന്നത്. രണ്ടു പേരും തിരിച്ചു പോയപ്പോൾ മുആവിയ ഹദ്റത്ത് അംറുബ്നു ആസിനോടു പറഞ്ഞു: 'ജനങ്ങൾ നമുക്കു വേണ്ടി സ്വന്തം ജീവൻ പോലും ബലികഴിച്ചിരിക്കെ ഇവർ രണ്ടു പേരോടും നിങ്ങൾ തീയുടെ കാര്യത്തിലാണ് കലഹിക്കുന്നതെന്ന് പറയുകയാണോ?' ഹദ്റത്ത് അംറ്(റ) പറഞ്ഞു: 'അല്ലാഹുവാണ! സംഗതി ഞാൻ പറഞ്ഞതു തന്നെയാണ്. അല്ലാഹുവാണ! അതു നിങ്ങളും അറിയുന്ന കാര്യമാണല്ലോ. ഇരുപത് വർഷം മുമ്പേ മരിച്ചു പോയിരുന്നെങ്കിലെന്ന് ഞാനിപ്പോൾ ആഗ്രഹിക്കുകയാണ്. അപ്പോൾ നാം ഇങ്ങനെ പോരടിക്കുന്ന സാഹചര്യം ഉണ്ടാകുമായിരുന്നില്ല.'

ഹദ്റത്ത് അമ്മാർ വഫാത്തായത് ഹദ്റത്ത് അലിയുടെ ഖിലാഫത്ത് കാലത്തായിരുന്നു; സ്വിഫ്ഫീൻ യുദ്ധത്തിൽ. ഹിജ്റ 37 ൽ സഫർ മാസത്തിലായിരുന്നു അത്. 94 വയസ്സായിരുന്നു അപ്പോൾ പ്രായം. യഹ്‌യ ബിൻ ആബിസ് വിവരിക്കുന്നു: തന്നെ ഈ വസ്ത്രത്തിൽ തന്നെ മറവു ചെയ്യണമെന്ന് ഹദ്റത്ത് അമ്മാറുബ്നു യാസിർ ശഹാദത്ത് വേളയിൽ പറഞ്ഞിരുന്നു. ഹദ്റത്ത് അലി(റ), ഹദ്റത്ത് അമ്മാറുബ്നു യാസിറിന്റെയും ഹാശിം ബിൻ ഉത്ബയുടെയും ജനാസ നമസ്കരിപ്പിച്ചു. ഹദ്റത്ത് അമ്മാറിനെ തന്റെ സമീപത്തും ഹാശിമിനെ അല്പം മുന്നിലായും വെച്ചു. രണ്ടു പേർക്കും അഞ്ചോ ആറോ ഏഴോ തക്ബീറുകൾ ചൊല്ലുകയുണ്ടായി.

സത്യത്തിനു വേണ്ടി പൊരുതുകയും ജീവനർപ്പിക്കുകയും ചെയ്ത സ്വഹാബാക്കളാണിവർ. അല്ലാഹു ഇവരുടെ പദവികൾ ഉയർത്തുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 22.06.18
Malayalam Translation : **Moulvi Arif Mohammad,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516